**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 603** **30-01-2024 - ൽ മറുപടിയ്ക്ക്**

**ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നു എന്ന് വിശദമാക്കാമോ; | (എ) | 2021-22 സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 60 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നു. |
| (ബി) | പുതിയതായി എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നെന്ന് അറിയിക്കുമോ; | (ബി) | നിലവിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾക്കാണ് സർക്കാർ മുൻഗണന നൽകുന്നത്. അതേസമയം കേന്ദ്ര സർക്കാർ സ്വകാര്യവത്ക്കരിക്കുവാൻ തീരുമാനിച്ച സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് പ്രവർത്തനം മെച്ചപ്പെടുത്തുന്ന ബദൽ നയങ്ങളും ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന കേന്ദ്ര പൊതു മേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡിനെ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന പേരിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായി 2022 നവംബർ മുതൽ ഉത്പാദനം ആരംഭിച്ച് പ്രവർത്തന മികവ് കൈവരിച്ചുവരികയാണ്. അതോടൊപ്പം കേന്ദ്ര സർക്കാർ സ്വകാര്യവത്ക്കരിക്കുവാൻ തീരുമാനിച്ച കാസർഗോഡ് ജില്ലയിൽ പ്രവർത്തിച്ചിരുന്ന സംയുക്ത സംരംഭമായിരുന്ന ഭെൽ-ഇ.എം.എൽ. കമ്പനി സംസ്ഥാനം ഏറ്റെടുത്ത് പ്രസ്തുത സ്ഥാപനത്തെ കെൽ-ഇ.എം.എൽ എന്ന പേരിൽ സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമാക്കി മാറ്റുകയും 2022 ഏപ്രിൽ മുതൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ അറ്റാദായത്തിൽ | (സി) | 2020-21 സാമ്പത്തിക വർഷത്തിൽ 360165.25 ലക്ഷം രൂപയുടേയും, 2021-22 സാമ്പത്തിക വർഷത്തിൽ 171894.87 ലക്ഷം രൂപയുടേയും |

| | | | |
|---|---|---|---|
| | നിന്ന് ലഭിച്ച ലാഭം സംബന്ധിച്ച വിശദാംശം നൽകുമോ? | | ലാഭമാണ് സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഉണ്ടായിട്ടുള്ളത്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രീയൽ ഡെവലപ്പമെന്റ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾക്ക് 2022-23 ൽ 618 ലക്ഷം രൂപയും 6472.83 ലക്ഷം രൂപയും അറ്റാദായത്തിൽ നിന്നും ലാഭം ലഭിച്ചു. |

സെക്ഷൻ ഓഫീസർ